നം.സി3/26800/2018/ഡിറ്റിഇ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 09/07/2018

## സർക്കുലർ

വിഷയം:- സാങ്കേതികം- വിദ്യാഭ്യാസം എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ പഠനയാത്ര നിബന്ധനകൾ പാലിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 09.09.2016-ാം തീയതിയിലെ സി3/31929/16/ഡിറ്റിഇ -ാം നമ്പർ സർക്കുലർ.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനയാത്രയുമായി ബന്ധപ്പെട്ട് പാലിയ്ക്കേണ്ട വ്യവസ്ഥകൾ 01.10.2016-ാം തീയതി പ്രാബല്യം നൽകികൊണ്ട് മേൽ സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നു. എന്നാൽ പല സ്ഥാപന മേധാവികളും മേൽസർക്കുലറിലെ നിബന്ധനകൾ പാലിയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ സുരക്ഷയെ മുൻനിർത്തി മേൽസൂചന പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ നിബന്ധനകൾ കർശനമായും പാലിച്ചിട്ടുണ്ടോയെന്ന് സ്ഥാപന മേധാവി ഉറപ്പാക്കേണ്ടതും പ്രസ്തുതകാര്യം സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിബന്ധനകൾ പാലിയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലമുണ്ടാകുന്ന എല്ലാവിധ ബുദ്ധിമുട്ടുകൾക്കും സ്ഥാപനമേധാവി വ്യക്തിപരമായി ഉത്തരവാദിയായിരിയ്ക്കും. പഠനയാത്രാനുമതിയ്ക്കുള്ള അപേക്ഷകൾ രണ്ടാഴ്ചമുൻപ് ബന്ധപ്പെട്ട മേഖലാ കാര്യാലയങ്ങളിൽ എത്തിയ്ക്കേണ്ടതാണ്. നിബന്ധനകളുടെ പട്ടിക സർക്കുലറിനോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്/-
സീനിയർ ജോയിന്റ് ഡയറക്ടർ (ഇസിഎസ്)

പകർപ്പ്:-

എല്ലാ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾമാർക്കും (എയ്ഡഡ് ഉൾപ്പെടെ) അറിവിലേയ്ക്ക്

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സൂപ്രണ്ട്

## പഠനയാത്രയുമായി ബന്ധപ്പെട്ട നിബന്ധനകൾ സൂചിപ്പിക്കുന്ന പട്ടിക

| ക്രമ നമ്പർ | വിശദാംശങ്ങൾ | ഉണ്ട്/ ഇല്ല |
|---|---|---|
| 1 | സ്ഥാപനമേധാവിയുടെ വിശദമായ കത്ത് ഉൾപ്പെടുത്തിയിട്ടുണ്ടോ. | |
| 2 | വിദ്യാർത്ഥികളുടെ ലിസ്റ്റിൽ ആൺ/പെൺ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോ | |
| 3 | എസ്.സി/എസ്.ടി/ഒ.ഇ.സി എന്നീ വിദ്യാർത്ഥികളുടെ പേരും അവർ ഇതിൽ ഏത് വിഭാഗത്തിൽപ്പെടുന്നവരെന്നും വ്യക്തമാക്കിയിട്ടുണ്ടോ | |
| 4 | പഠനയാത്രയ്ക്ക് വിദ്യാർത്ഥികളെ അനുഗമിക്കുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക ഇവ വ്യക്തമാക്കിയിട്ടുണ്ടോ | |
| 5 | അസിസ്റ്റന്റ്/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ കുറയാത്ത ആ വകുപ്പിലെ തന്നെ രണ്ട് സ്ഥിരം അദ്ധ്യാപകർ വിദ്യാർത്ഥികളുടെ കൂടെ പഠനയാത്രയിൽ അനുഗമിക്കുന്നുണ്ടോ | |
| 6 | വനിതാ വിദ്യാർത്ഥികൾ പഠനയാത്രയ്ക്കുണ്ടെങ്കിൽ ആ വകുപ്പിലെ തന്നെ ഒരു സ്ഥിരം അദ്ധ്യാപികയെ ഉൾപ്പെടുത്തിയിട്ടുണ്ടോ | |
| 7 | 20 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക എന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ടോ എന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ | |
| 8 | വിദ്യാർത്ഥികളുടെ പേരടങ്ങുന്ന ലിസ്റ്റ്, അനുഗമിക്കുന്നവരുടെ ലിസ്റ്റും പഠനയാത്രയ്ക്കായുള്ള പ്രോഗ്രാം എന്നിവ പ്രിൻസിപ്പാൾ അതാത് കാര്യാലയത്തില് സൂക്ഷിച്ചിട്ടുണ്ടോ | |
| 9 | സന്ദർശിക്കുന്ന സ്ഥലങ്ങളിൽ ചുരുങ്ങിയത് 80% എങ്കിലും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതാണ് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ | |

**കുറിപ്പ്:-** ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലും മറ്റു ജില്ലകളിലെ സ്ഥാപനങ്ങൾ കോതമംഗലം മേഖലാ കാര്യാലയത്തിലും അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

## സാക്ഷ്യപത്രം

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുള്ളതിന്റെ സ്ഥാപന മേധാവിയെന്ന നിലയിൽ ഞാൻ വിദ്യാർത്ഥികൾക്ക് പഠനയാത്രാനുമതി (ബ്രാഞ്ച്/സെമസ്റ്റർ)...................................................ശുപാർശ ചെയ്യുന്നു.

പ്രിൻസിപ്പാൾ

[redacted]

നം. സി3/31929/2016/ഡി.റ്റി.ഇ.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 09/09/2016

## സർക്കുലർ

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ പഠനയാത്ര -സംബന്ധിച്ച്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എഞ്ചിനിയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനയാത്ര നിലവിൽ അദ്ധ്യാപകരുടെ നിർദ്ദേശങ്ങളോ, ആസൂത്രണമോ ഇല്ലാതെ പ്ലാൻ ചെയ്യുന്നതായി കാണുന്നു. ഇത് പഠനയാത്രയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ ബാധിക്കുന്നു. അത് അത്ര നല്ല കീഴ്‌വഴക്കമായി കാണുന്നില്ല. കാരണം വിദ്യാർത്ഥികൾ മുൻകൈയെടുത്ത് ഇതുമായി ബന്ധപ്പെട്ട പല ഏജൻസികളുമായി എഗ്രിമെന്റ് വയ്ക്കുകയും ഏജൻസികൾക്ക് പണം നൽകുകയും ചെയ്യുന്നു.. ആയതിനാൽ ഇവ ക്രമീകരിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾ 01.10.2016 തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവിറക്കുന്നു.

അതത് കോളേജിലെ പ്രിൻസിപ്പാൾമാർ വിദ്യാർത്ഥികളുടെ പഠനയാത്ര നടത്തുന്നതിൽ വീഴ്ച വരുത്താതെ നോക്കണം.

പഠനയാത്ര നടത്തുന്നതിന് അദ്ധ്യാപകരുടെ ഭാഗത്തുനിന്നും വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും ഉൾപ്പെടുന്ന അംഗങ്ങളുടെ ഒരു കമ്മിറ്റി ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്.

പ്രസ്തുത കമ്മിറ്റി ആയിരിക്കണം പഠനയാത്ര പോകേണ്ട സ്ഥലങ്ങളും തീയതിയും നിശ്ചയിക്കേണ്ടത്.

ഈ കമ്മിറ്റിയിൽ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും ഒരു കൺവീനറെ തെരഞ്ഞെടുക്കേണ്ടതാണ്.

പ്രസ്തുത കൺവീനർ പഠനയാത്ര കമ്മിറ്റി എടുക്കന്ന തീരുമാനങ്ങൾ അടിസ്ഥാനമാക്കി യാത്ര ഉൾപ്പടെയുള്ള കാര്യത്തിൽ മുൻകൂർ ബുക്കിംഗ് തുടങ്ങിയവ നടത്തേണ്ടതാണ്.

പഠനയാത്ര രേഖകൾ അനുമതിക്കായി നൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(എ) അതത് സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാരുടെ വ്യക്തവും വിശദവുമായ കത്ത്.

(ബി) വിദ്യാർത്ഥികളുടെ ലിസ്റ്റിൽ ആൺ/പെൺ എന്നിവ വ്യക്തമായി മാർക്ക്

ചെയ്തിരിക്കണം.

(സി) എസി/എസ്റ്റി/ഒഇസി എന്നീ വിദ്യാർത്ഥികളുടെ പേരും അവർ ഇതിൽ ഏത് വിഭാഗത്തിൽപ്പെടുന്നവരെന്നും വ്യക്തമാക്കിയിരിക്കേണ്ടതാണ്.

(ഡി) പഠനയാത്രയ്ക്ക് വിദ്യാർത്ഥികളെ അനുഗമിക്കുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക ഇവ വ്യക്തമാക്കിയിരിക്കണം.

(ഇ) അസിസ്റ്റന്റ്/അസോസിയേറ്റ് പ്രൊഫസറിൽ കുറയാത്ത ഒരു സ്ഥിരം അദ്ധ്യാപകനോ/അദ്ധ്യാപികയോ വിദ്യാർത്ഥികളുടെ കൂടെ പഠനയാത്രയിൽ അനുഗമിക്കേണ്ടതാണ്.

(എഫ്) വനിതാ വിദ്യാർത്ഥികൾ പഠനയാത്രയ്ക്കുണ്ടെങ്കിൽ അതിനും ഒരു സ്ഥിരം അദ്ധ്യാപിക ഉണ്ടായിരിക്കേണ്ടതാണ്. ഇവരുടെ ദൗർലഭ്യം വരുന്ന സാഹചര്യത്തിൽ മാത്രം അസിസ്റ്റന്റ് പ്രൊഫസർ റാങ്കിലുള്ള ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്.

(ജി) 20 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക എന്ന ക്രമത്തിലാണ് നിലവിലുള്ള വ്യവസ്ഥ പ്രകാരം ഉള്ളത്. കഴിവതും ഈ കാര്യത്തിൽ കുറവ് വരാതെ നോക്കുന്നത് ഉചിതമായിരിക്കും

(ഹെച്ച്) വിദ്യാർത്ഥികളുടെ പേരടങ്ങുന്ന ലിസ്റ്റ് , അനുഗമിക്കുന്നവരുടെ ലിസ്റ്റ് / പഠനയാത്രയ്ക്കായുള്ള പ്രോഗ്രാം എന്നിവയിൽ അതത് കോളേജിലെ പ്രിൻസിപ്പാളിന്റെ ഒപ്പും സീലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

(ഐ) പഠനയാത്രയ്ക്കുള്ള രേഖകൾ അനുമതിയ്ക്കായി പഠനയാത്ര പോകുന്നതിന് രണ്ടാഴ്ച മുൻപ് അതത് കാര്യാലയങ്ങളിൽ എത്തിയിരിക്കേണ്ടതാണ്.

(ജെ) കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകൾസാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റിലും മറ്റു ജില്ലകളിലെ എഞ്ചിനിയറിംഗ് കോളേജുകളിലെ രേഖകൾ അനുമതിക്കായി കോതമംഗലം സാങ്കേതിക വിദ്യാഭ്യാസ മേഖലാ കാര്യാലയത്തിലും അയച്ചുകൊടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ
(ഒപ്പ്)
ഡോ. കെ. വിജയകുമാർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്



സൂപ്രണ്ട്